# DIGITAL DOTS



ARTIFICIAL INTELLIGENCE

G H S S KOYYAM

# ഗവ.ഹയർസെക്കണ്ടറി സ്കൂൾ കൊയ്യം



# സന്ദേശം

**ശ്രീമതി. ഗോമതി കെ വി**

**ഹെഡ്മിസ്ട്രസ് , ഗവ.ഹയർസെക്കണ്ടറി സ്കൂൾ കൊയ്യം**



വിവര സാങ്കേതിക പരിശീലനരംഗത്ത് വിദ്യാർത്ഥികൾക്ക് ദിശാബോധവും പിന്തുണയുമേകി നമ്മുടെ വിദ്യാലയത്തിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഐ ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.

സ്കൂളിലെ ശ്രദ്ധേയമായ പരിപാടികളും കുട്ടികളുടെ സർഗസൃഷ്ടികളും ഉൾപ്പെടുത്തി ഒരുക്കുന്ന മാഗസിൻ നമ്മുടെ പ്രവർത്തനങ്ങളുടെ പ്രതിഫലനം കൂടിയാണ്.ഈ സദ്ദ്യമത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു....

## ഉള്ളടക്കം

എഡിറ്റോറിയല് ബോര്ഡ് അംഗങ്ങള്.......................................................................5
ഒരു വാക്ക്.......................................................................................................6
നെല്ലിമരങ്ങള്ക്കിടയിലെ കൊയ്യം ജി എച്ച് എസ് എസ്.............................................7
ജീവിതതാളുകളിലൂടെ.........................................................................................9
കൊടും ചൂട്.....................................................................................................12
സൈബര് കുറ്റകൃത്യങ്ങളും...................................................................................13
കമ്പ്യൂട്ടര് സുരക്ഷയും.........................................................................................13
സൈബര് കുറ്റകൃത്യങ്ങളെ കുറിച്ച് നാം.....................................................................13
അറിയേണ്ടത് എന്ത് കൊണ്ട് ?...............................................................................13
ശാസ്ത്ര സാമൂഹ്യ ഗണിത പ്രവര്ത്തിപരിചയമേളകളില്...........................................16
മഴക്കാല ഓർമയില്...........................................................................................17
അമ്മതന് സ്നേഹം...............................................................................................18
മരങ്ങള്..........................................................................................................19
IT QUIZ..........................................................................................................20
മഴ..................................................................................................................22
സ്നേഹിതര്.......................................................................................................23
തിരികെയെത്താത്ത ബാല്യം.................................................................................24
സ്കൂള് കെട്ടിടോദ്ഘാടനം.....................................................................................25
ഭൂമിയിലെ പറവകള്............................................................................................29
മഴ..................................................................................................................35
Teacher..........................................................................................................36
കേരളത്തിലെ വെള്ളപ്പൊക്കം................................................................................37
ഓർക്കുന്നു ഞാനും..............................................................................................39
ലിറ്റില്കൈറ്റ് ജി എച്ച് എസ് കൊയ്യം 2018-2020......................................................40
ആറളം യാത്ര.....................................................................................................41
Importance Of Reading.....................................................................................43
വായനയുടെ വീട്ടുവര്ത്തമാനം...............................................................................44
നന്ദി.................................................................................................................46

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

മഷ്റൂഫ് പി പി 9 A

അരുണിമ സി കെ 9 B

ജിഷ്ണ ഇ വി 9 B

ഫറാസ് എം 9 B

അഞ്ജിമ പി ടി 9 B

## കവർചിത്രം

വൈഷ്ണവ് ടി വി 9 B

## ഉപദേശകസമിതി

ബാലകൃഷ്ണൻ ടി വി (SITC)

സുനിൽ കുമാർ കെ പി (KITE MASTER)

റസിയ പി പി (KITE MISTRESS)

## ഒരു വാക്ക്.......

ഡിജിറ്റൽ ഡോട്ട്സ് 'നൈസർഗികതയുടെ സാങ്കേതിക പ്രകാശനമാണ്. ചെറുതും വലുതുമായ വ്യതിരിക്ത അനുഭവങ്ങളുടെ ദർപ്പണ കാഴ്ച കൂടിയാണിത്. കുട്ടിപ്പട്ടങ്ങളുടെ സങ്കലിത ശ്രമങ്ങളാണ് ഈ സാങ്കേതിക സർഗ ബിന്ദുക്കളെ വായനയ്ക്ക് മുന്നിലെത്തിക്കുന്നത്...

പട്ടങ്ങളുടെ നൂലറ്റം ആസ്വാദക മനസ്സുകളിലാണ്...

പറന്നുയരാനള്ള നന്മകൾ നിങ്ങളുടെ നിർദ്ദേശങ്ങളാണ്...

ഞങ്ങൾ പറക്കുകയാണ്... പ്രതീക്ഷയു താളുകളിലേക്ക് ...

- എഡിറ്റർ

# നെല്ലിമരങ്ങൾക്കിടയിലെ കൊയ്യം ജി എച്ച് എസ് എസ്



ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളുടെ നിരയിൽ മുന്നിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് കൊയ്യം ജി എച്ച് എസ് എസ് .കൊയ്യം എന്ന ഗ്രാമത്തിന്റെ ഐശ്വര്യംവും സൗന്ദര്യവും അടങ്ങിയിരിക്കുന്ന ഒരു ഗ്രാമതലസ്ഥാനം അതാണ് ഞങ്ങളുടെ വിദ്യാലയം.

അറിവിന്റെ തലസ്ഥാനം കൂടിയാണ് മറ്റു കാലങ്ങളെ അപേക്ഷിച്ച് ഞങ്ങളുടെ വിദ്യാലയത്തിനും വളരെ പ്രാധാന്യമുണ്ട്.എന്തെന്നാൽ മറ്റു വിദ്യാലയങ്ങൾ നഗരത്തിലെ അധീനതയിൽ സ്ഥിതിചെയ്യുമ്പോൾ ഞങ്ങൾ ഗ്രാമത്തിൻറെ കഥയിൽ നിന്നാണ് പഠിച്ചുയരുന്നത്. വിദ്യാലയത്തിലെ അങ്കണത്തിൽ തന്നെ പടർന്നു പന്തലിച്ചു നിൽക്കുന്ന നെല്ലിമരങ്ങൾ അത് നമ്മുടെ സ്നേഹത്തിന്റെ ഉദാത്ത പ്രതീകമാണ്.നെല്ലി മരത്തിലെ നെല്ലിക്ക കഴിക്കുമ്പോൾ ആദ്യമൊന്നു കയ്ക്കും പക്ഷെ പിന്നീട് അത് മധുരിക്കും എന്തെന്നാൽ മാഷിന്റെ വഴക്കു പറച്ചിൽ ആദ്യം കരയും എങ്കിലും പിന്നീടാണ് അതിന്റെ മഹത്വം ഓർമ്മവരിക ഇതുതന്നെയാണ് നെല്ലിക്കയിൽ നടക്കുന്നത്.

നെല്ലിക്ക മരങ്ങൾ നിറഞ്ഞുനിൽക്കുന്ന അങ്കണവും അവിടെ നോക്കിയാൽ ഹരിതാഭവും മമതയും സ്നേഹവും തങ്ങിനിൽക്കുന്ന വിദ്യാലയം പച്ചക്കട



വിരിച്ചുനിൽക്കുന്ന നെല്ലിമരത്തിന്റെ തണലിലാണ് വിദ്യാലയത്തിന് കുളിർമ. പച്ചപുതച്ച മരങ്ങൾക്കിടയിലൂടെ പൊൻകിരണം വീശി അരുണൻ ഉയർന്നു വരുന്നതും മഞ്ഞിൽ വിരിഞ്ഞു നിൽക്കുന്ന പനിനീർ പൂക്കളും നമ്മുടെ വിദ്യാലയത്തിന് നിത്യഹരിത കാഴ്ചയാണ് അതുപോലെ തന്നെ നമുക്ക് അറിവ് പകർന്നുനൽകുന്ന അധ്യാപകരും നമ്മുടെ വിദ്യാലയത്തിലെ ചാരുത വർദ്ധിപ്പിക്കുന്നു. ഇതാണ് ഞങ്ങളുടെ വിദ്യാലയം.

അറിവിനെ തേൻകനി നുകരാനും അതിനേക്കാളുപരി സന്തോഷം പങ്കിടാൻ...



## ജീവിതതാളുകളിലൂടെ

### കഥ

ചുറ്റും വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. സാധാരണ വെള്ളമല്ല.പരാജയം ലയിച്ചുചേർന്ന, അതിന്റെ മണമുള്ള രുചിയുള്ള വെള്ളം. അതിനെ മറികടക്കാൻ ശ്രമിച്ചുക്കൊണ്ടിരിക്കുകയാണ് സാറ. അവൾ ചെയ്ത തിന്മയെ വലിയ നന്മകൊണ്ട് മായ്ക്കാൻ നോക്കുകയാണവൾ.അവൾ അറിയാതെ ചെയ്ത ആ വലിയ കുറ്റം. ചിന്തിക്കുമ്പോൾ തന്നെ മനസ്സിൽ ഒരു വലിയ കരിങ്കല്ല് എടുത്തിട്ട പോലെയാണ്.താൻ കാരണം പൊലിഞ്ഞ ആ ജീവൻ. ഓർക്കാനേ അവൾക്ക് ആഗ്രഹമില്ല.

തനിക്ക് സ്നേഹിക്കാൻ,തന്നെ സ്നേഹിക്കാനുമായ് ഒരേയൊരു മകൻ, ജീവൻ.അവന്റെ വിശേഷങ്ങൾ കേൾക്കാൻ നല്ല രസമാണ്. ഒരു ദിവസം രാവിലെ തന്നെ ഹോസ്പിറ്റലിലേക്ക് അവൾ പോയി. അന്നാണവൾ സസ്പെന്റ് ചെയ്ത കാലയളവിനുശേഷം ആശുപത്രിയിലെത്തുന്നത് . അടുത്തുള്ള നേഴ്സമാരും ഡോക്ടേഴ്സും തന്നെ നോക്കിയുള്ള പരിഹാസ ചിരിയും അവൾക്ക് തീരെ ഇഷ്ടപ്പെടുന്നില്ല.

“എടീ, നിനക്കറിയില്ലേ ആ സാറയേ. ഒരു കുട്ടിയെ കൊന്ന വിവരം നീ അറിഞ്ഞില്ലേ.”

മരുന്ന് മാറിവച്ച് പിഞ്ചുകുഞ്ഞിനെ കൊന്ന നേഴ്സാണത്. അഞ്ച് മാസത്തെ സസ്പെൻഷനു ശേഷം വരുന്നതാ....

നഴ്സമാരുടെ സംഭാഷണം അവളെ വല്ലാതെ തകർത്തു. രണ്ട് മാസത്തിനു മുമ്പ് തൻെറ ഭർത്താവ് ഒരു ബൈക്ക് ആക്സിഡന്റിൽ .പിന്നെ ആ കുട്ടി. ഇപ്പോൾ എന്റെ പൊന്നുമോൻ ജീവന്റെ കണ്ണിന്റെ അവസ്ഥ വളരെ ദയനീയമാണ്. ഒരു കണ്ണിന്റെ കാഴ്ച്ച മുഴുവനായും മങ്ങി. തന്റെ ജീവിതമെന്താ ഇങ്ങനെ?

എവിടെ നോക്കിയാലും പരാജയം. അതിന്റെ നടുവിൽ ആർക്കും ഉപകാരമില്ലാത്ത നിശൂന്യമായ തന്റെ ജീവിതം.

എന്നേ അവസാനിപ്പിക്കണം എന്ന് വിചാരിച്ചതാ... മകനെ വിചാരിച്ചു മാത്രം. അവനുവേണ്ടിമാത്രമാണ് ഞാൻ ഇങ്ങനെയെങ്കിലും ജീവിക്കുന്നത്.

വൈകുന്നേരമായ്.അവന്റെ സ്കൂൾബസ്സ് കാത്തുനിന്ന സാറ അവന്റെ ഇഷ്ട പലഹാരങ്ങൾ ടീപോയിൽ വച്ച് പത്രം വായിക്കുകയായിരുന്നു. അമ്മേ.... അമ്മക്കറിയോ?

ഞങ്ങടെ സ്കൂളിൽ ഇന്ന് പുതിയൊരു പ്രൊജക്ടറും ലാപ്ടോപ്പും ഒക്കെ കൊണ്ടുവന്നു. അതിൽ നിരവധി വീഡിയോ ഞങ്ങൾക്ക് കാണിച്ച തന്നു. ക്ലാസിൽ പുതിയൊരു കുട്ടി വന്നിരുന്നു, അരുണ.

ബാക്കി വിശേഷങ്ങളൊക്കെ പിന്നെ പറയാം. മോൻ കൈകഴുകി ചായ കുടിക്ക്.

"ശരി"

പിറ്റേന്ന് ഹേസ്പ്പിറ്റലിൽ പോയി. തീരെ ആഗ്രഹമില്ല പോവണമെന്ന്. തന്റെ വരുമാനം കൊണ്ട് മാത്രമേ മുന്നോട്ട് പോവാൻ കഴിയൂ. എന്തെന്നറിയില്ല. ശരീരത്തിനും മനസിനും ഒന്നും വയ്യ. ഗോപാലേട്ടൻ മാത്രമാണ് ഒരാശ്രയം. ചെറുതിലെ അച്ഛനില്ലാത്ത സാറയ്ക്ക് ആ സ്നേഹമൊക്കെ ലഭിച്ചത് ഗോപാലേട്ടനിൽ നിന്നാണ്.

മോളെ സാറാ.. എന്താ വല്ലാതെ ക്ഷീണിച്ചിരിക്കുന്നത്. ഒന്നും കഴിച്ചില്ലേ. ഒന്നും വേണ്ട ഗേപാലേട്ടാ, തീരെ വയ്യ, ഒന്നും കയറുന്നില്ല.

സാറേ നിന്റെ ശരീരത്തിനല്ല മനസിനാണ് അസുഖം.നിന്റെ കൈയിൽ നിന്നൊരു തെറ്റുപറ്റി. അതിനിനി പറഞ്ഞിട്ട് കാര്യമില്ല. അതൊക്കെ മായ്ച്ച കളയേണ്ട ചില ജീവിത താളുകളാണ്.

അവൾ വേഗം തന്നെ വീട്ടിലേക്കുപോയി. കിഴക്ക് സൂര്യൻ ചുവപ്പുപൂശുകയും കടലിലേക്ക് താഴുകയും ചെയ്തുകൊണ്ടിരുന്നു. ദിവസങ്ങൾ കടന്നു പോയി. ആഴ്ചകൾ, മാസങ്ങൾ

ഒരു ദിവസം റോഡരികിലൂടെ നടക്കുമ്പോഴാണ് ഒരാൾക്കൂട്ടം കണ്ടത്. ഒരമ്മയും കുഞ്ഞും വണ്ടിയിടിച്ച് ബോധമില്ലാതെ കിടക്കുന്നു. ആളുകൾ നോക്കിനിൽക്കുന്നതല്ലാതെ ആശുപത്രിയിൽ കൊണ്ടുപോകാൻ വേണ്ടനടപടികൾ എടുക്കുന്നില്ല. ചിലർ ഫോണിൽ ഷൂട്ട് ചെയ്യുകയും ഫോട്ടോ എടുക്കുകയും ചെയ്യുന്നു.

അവൾ വേഗം അവരെ ഹോസ്പിറ്റലിൽ എത്തിച്ചു. രണ്ടുദിവസം അവർ ICU വിൽ കിടന്നു. ഡോക്ടർ സാറയോട് പറഞ്ഞ വാക്കുകൾ അവളുടെ കാതുകളിൽ പ്രതിധ്വനി സൃഷ്ടിക്കുന്നതായിരുന്നു. ഒരു സെക്കന്റ് വൈകിയിരുന്നെങ്കിൽ, താങ്കളൊരു



ജീവനെയാണ് സംരക്ഷിച്ചിരിക്കുന്നത്. അവളുടെ മനസിൽ സന്തോഷത്തിന്റെ തിരമാലകൾ കുതിച്ചുയർന്നു. താനൊരു ജീവൻ നഷ്ടപ്പെടുത്തിയെങ്കിലും അതിനൊരു മറു ജീവനെയാണ് താൻ സംരക്ഷിച്ചിരിക്കുന്നത്.

താൻ കാരണം ഒരു ജീവൻ സംരക്ഷിക്കാനാവുക എന്നത് വലിയ കാര്യമാണ്. അതുമാത്രമല്ല, പരാജയങ്ങൾ നിറഞ്ഞ എന്റെ ജീവിതത്തിൽ ഇന്ന് മുതൽ വിജയങ്ങളുടെ കാവടിയാട്ടമായിരിക്കും. എന്നിരുന്നാലും ഒരു ജീവന്റെ വില അവിടെ കൂടിനിന്ന ഒരുത്തനും അറിയില്ലെ. അത് അവർക്ക് മനസ്സിലാക്കി കൊടുക്കണമെന്ന സാറയുടെ ദൃഢനിശ്ചയം നിരവധി ജീവനുകൾക്ക് സഹായകമായി.

സാറയുടെ ജീവിതം കല്ലും മുള്ളും നിറഞ്ഞ വഴിയിലൂടെ മുന്നോട്ട് പോകുന്നു. ഋതുക്കൾ മാറി. ജയപരാജയങ്ങൾ മാറി. മാസങ്ങൾ മാറി. പൂനിലാവുള്ള ആ രാത്രിയിൽ സാറയും അവളുടെ മകനും സ്വപ്നങ്ങൾ കണ്ട് കൺമിഴികൾ മെല്ലെയടച്ചു. അവർ ഉറങ്ങുകയല്ല, വെളിച്ചമുള്ള നാളേയ്ക്കായി കാത്തിരിക്കുകയാണ്.

ദിയ.എ 9A

# കൊടും ചൂട്

കഥ

ബിസിനസ് ഡീലിൽ മുഴുകിയിരുന്ന എന്നെ പിൻതിരിപ്പിച്ചത് മകൻ രോഹിത്തിന്റ ഫോൺകോളാണ്. അപ്പോഴാണ് ഞാൻ ഓർത്തത്, ഇന്ന് അവൻെറ പിറന്നാളാണ്. ഞാൻ ഡീൽ നിർത്തി ഓഫീസിലെ എസി റൂമിൽ നിന്ന് പുറത്തേക്കിറങ്ങി. ഹോ! നാശം പിടിക്കാൻ എന്തൊരു ചൂടാണ്.



വേഗം തന്നെ റോഡരികിൽ ഉണ്ടായിരുന്നൊര മരത്തണലിൽ നിർത്തിയിട്ട കാറിൽ കയറി AC ഓൺ ചെയ്തു. ഹോ! എന്തൊരുആശ്വാസം. വേഗം തന്നെ വീട്ടിലേക്ക് കാറ് ചീറിപ്പാഞ്ഞു. വീട്ടിലെ പോർച്ചിൽ കാറ് പാർക്ക് ചെയ്ത് വീട്ടിലേക്ക് കയറി.

BIRTHDAY CELEBRATION പൂർത്തിയായി. ഇനി കേക്ക് മുറിച്ചാൽ മതി. കേക്ക് മുറിക്കാൻ കാത്തിരിക്കുകയാണ് രോഹിത്തും ഭാര്യ രാജുവും. ഞാൻ വേഗം തന്നെ ഡ്രസ്സുമാറ്റി ഹോളിലെത്തി. ചൂടുകാരണം AC ഓണാക്കി. കേക്ക് മുറിച്ച് ഉടൻ ഞങ്ങൾ പുറത്തു പോകാൻ തയ്യാറായി.

രാജീവേട്ടാ....ഞാൻ റെഡി. രാജു പറഞ്ഞു. ഞാനും റെഡി, രോഹിത്തും പറഞ്ഞു. ഞങ്ങൾ നേതാജിപാർക്കിൽ പോയി.അവിടെ ഒരു മരച്ചുവട്ടിൽ ഇരുന്നു. ഹോ! എന്തൊരുസുഖമാണ്, ഇങ്ങനെ മരത്തിന്റെ ചുവട്ടിലിരിക്കാൻ. എസിയിൽ ഇരിക്കുന്നതുപോലെയുണ്ട്. അപ്പോൾ ഫോൺ റിങ്ങടിച്ചു.

ഹലോ സാർ, എപ്പോഴാണ് വരേണ്ടത്? നാളെ മതി, ഞാൻ പറഞ്ഞു.

ആരാ പപ്പാ അത്?

അത് മരം മരം മുറിക്കുന്ന ആളാ.......വീടിനടുത്തുള്ള ആ ഇലഞ്ഞി മുറിക്കണം.....

**അരുണിമ.സി.കെ**

**9A**

# സൈബർ കുറ്റകൃത്യങ്ങളും

# കമ്പ്യൂട്ടർ സുരക്ഷയും

## സൈബർ കുറ്റകൃത്യങ്ങളെ കുറിച്ച് നാം അറിയേണ്ടത് എന്ത് കൊണ്ട് ?



➔കമ്പ്യൂട്ടർ ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ ഉണ്ടായ വർധനവ്
➔വിവര സാങ്കേതികവിദ്യയുടെ ദുരുപയോഗം
➔ഘട്ടം ഘട്ടമായി മുഴുവൻ സർക്കാർ പ്രവർത്തനങ്ങളും ഐ.ടി അധിഷ്ഠിതമായിക്കൊണ്ടിരിക്കുന്നു.
➔സാമ്പത്തിക ക്രയവിക്രയങ്ങളിൽ ഭൂരിഭാഗവും ഇന്റർനെറ്റ് വഴിയും എ.റ്റി.എം വഴിയും ആയിരിക്കും

## സൈബർ കുറ്റകൃത്യങ്ങൾ

കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക വിവരവിനിമയ സങ്കേതങ്ങളുടെ സഹായത്താൽ ചെയ്യുന്ന ക്രമവിരുദ്ധമായതും മറ്റുള്ളവർക്ക് ഏതെങ്കിലും തരത്തിൽ ദോഷമുണ്ടാക്കുന്നതുമായ എല്ലാ പ്രവർത്തനങ്ങളെയും സൈബർ കുറ്റകൃത്യങ്ങളായി കണക്കാക്കാം.

- **ഹാക്കിങ് –** *അനുവാദമില്ലാതെ മറ്റൊരാളുടേയോ സ്ഥാപനങ്ങളുടെയോ കമ്പ്യൂട്ടറിലോ കമ്പ്യൂട്ടർ ശൃംഖലകളിലോ കടന്ന് അതിലെ വിവരങ്ങൾചോർത്തുകയോ നശിപ്പിക്കുകയോ ചെയ്യുന്നതിനെയാണ് ഹാക്കിങ് എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.*
- **ഫിഷിംഗ് –** *വ്യാജസന്ദേശങ്ങൾ ഇന്റർനെറ്റിലൂടെയും ഈ മെയിലും അയച്ച് പണവും സുരക്ഷാ പാസ്വേഡുകളും മറ്റും കൈക്കലാക്കുന്ന ഒരുതരം തട്ടിപ്പ്.*



- **സൈബർ സ്ക്വാട്ടിങ് –** *ഔദ്യോഗികമായ ആധികാരികമോ ആയ വെബ് സൈറ്റുകൾ എന്ന തെറ്റിദ്ധരിപ്പിച്ച് വ്യാജവെബ് സൈറ്റുകളും വിലാസങ്ങളും തയ്യാറാക്കുന്ന പ്രവർത്തനം*
- **സൈബർ ടെററിസം –** *രാജ്യത്തിന്റെ ഏകത, പരമാധികാരം, സുരക്ഷ ഇവയ്ക്ക് എതിരെ സൈബർ സങ്കേതങ്ങളിലൂടെ നടത്തുന്ന പ്രവർത്തനം*
- **പോർണോഗ്രാഫി –** *അശ്ലീലചിത്രങ്ങൾ പ്രദർശിപ്പിക്കുക , പ്രചരിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ*
- **കംമ്പ്യൂട്ടർ വൈറസ് –** *സ്വയം പെരുകാൻ കഴിവുള്ളതും കമ്പ്യൂട്ടർ പ്രവർത്തനം മന്ദീഭവിപ്പിക്കുക, തടസപ്പെടുത്തുക, കമ്പ്യൂട്ടറിൽ ശേഖരിച്ചുവച്ചിരിക്കുന്ന വിവരങ്ങൾ മോഷ്ടിക്കുക, നശിപ്പിക്കുക, കമ്പ്യൂട്ടറിനെതന്നെ നശിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ പ്രോഗ്രാമുകളാണ് കമ്പ്യൂട്ടർ വൈറസുകൾ. ഇന്റർനെറ്റ്, ഫ്ലോപ്പി ഡിസ്ക്, യു.എസ്.ബി ഡൈവ് എന്നിവയിലൂടെയാണ് വൈറസുകൾ പ്രധാനമായും വ്യാപിക്കുന്നത്.വൈറസുകളെ പ്രതിരോധിക്കാൻ കമ്പോളത്തിൽ, ആന്റി-വൈറസ് സോഫ്റ്റ്വെയറുകൾ ലഭ്യമാണ്.*

**ആന്റി–വൈറസ്**

*കമ്പ്യൂട്ടറുകളെ വൈറസുകളിൽ നിന്നും ഉപയോഗിക്കുന്ന സോഫ്റ്റ്വേറുകളാണ് ആന്റിവൈറസുകൾ. ഇവ ഉപയോഗിച്ച് കമ്പ്യൂട്ടറിലുള്ള വൈറസുകളെ കണ്ടുപിടിക്കാനും ,അവയെ നീക്കം ചെയ്യാനും പുതിയ വൈറസുകൾ പ്രവേശിക്കാതെ കാത്തുസൂക്ഷിക്കുവാനും സാധിക്കും*



*** ചില ആന്റി–വൈറസ് സോഫ്റ്റ്വേറുകൾ**

*നോഡ് 32*
*പി സി ടൂൾസ്*
*ആന്റിവൈറസ്*

*ക്യൂക്ക് ഹീൽ*
*എ.വി.ജി ആന്റിവൈറസ്*
*മക്അഫി ആന്റിവൈറസ്*
*അവാസ്റ്റ് ആന്റിവൈറസ്*
*കാസ്പെറൈസ്കി ആന്റിവൈറസ്*

- *ഒരാളുടെ സ്വകാര്യതയെ ഹനിക്കുന്നതോ അപകീർത്തി ഉണ്ടാക്കുന്നതോ ആയ സന്ദേശങ്ങൾ, ചിത്രങ്ങൾ, വ്യാജസന്ദേശങ്ങൾ എന്നിവ ഇന്റർനെറ്റിലൂടെയും മറ്റു*

*വിവരവിനിമയ സങ്കേതങ്ങളിലൂടെയും കൈമാറ്റംചെയ്യുന്നതും പ്രചരിപ്പിക്കുന്നതും ഗൗരവമുള്ള സൈബർകുറ്റങ്ങളുടെ ഗണത്തിൽപ്പെടും*

**മഷ്റൂഫ്.പി.പി**
9A

## <u>ഗണിതശാസ്ത്രം ക്ലബ്ബ് നടത്തിയ രാമാനുജൻ പേപ്പർപ്രസന്റേഷൻ,ടാലന്റ് സെർച്ച് എക്സാം ഇവയിൽ ജില്ലാതലത്തിലേക്ക് യോഗ്യത നേടിയ</u>

## <u>**ശ്രീദീപ് കെ കെ**</u>



**ശാസ്ത്ര സാമൂഹ്യ ഗണിത പ്രവർത്തിപരിചയമേളകളിൽ..**




## സാഭിമാനം....

അനിമേഷൻ വിഭാഗത്തിൽ ഉപജില്ല,ജില്ല,സ്റ്റേറ്റ് തലത്തിലേക്ക് തിരഞ്ഞെടുത്ത വൈഷ്ണവ് ടി വി



## മഴക്കാല ഓർമയിൽ

മഴക്കാലം എന്ന് കേൾക്കുമ്പോൾ തന്നെ പല പല ഓർമ്മകളാണ് മനസിലേക്ക് ഓടിയെത്തുന്നത്.

സ്കൂൾ വിടുമ്പോൾ പിറകിൽ മഴ ശബ്ദം കേട്ടാൽ ഓടാൻ തുടങ്ങും. കുസൃതി നിറഞ്ഞ ചിരിയോടെ പിന്തുടരുന്ന മഴയെ തോൽപ്പിച്ച് വീട്ടിലെത്താൻ. പക്ഷെ പാതിവഴിയിൽ വച്ച് മഴപിടിക്കും. ചിലപ്പോൾ മാനം കറുക്കും.അന്ന് പെരുമഴ പെയ്തപ്പോൾ പരന്നൊഴുകിയ വെള്ളത്തിലേക്ക് ചാടിക്കളിക്കുമായിരുന്നു. ഓടിട്ട വീടുകളിൽ മഴത്തുള്ളികൾ വീഴുന്ന ശബ്ദം മനസ്സിൽ സംഗീതമായി തോന്നിയിരുന്നു.

**അഭിനവ്.കെ**

**9A**



# അമ്മതൻ സ്നേഹം

ദയയുടെനിറകുടമാവുന്ന അമ്മതൻ സ്നേഹം
അമ്മതൻ മുഖമെന്നും മനസിന്റെ ആഴത്തിൽ
പതിയുന്ന സ്നേഹത്തിൻ വറ്റാത്ത കടലാവുന്ന
സഹനത്തിൻ സ്നേഹത്തിൻ പ്രതിബിംബമാവുന്ന
അമ്മ എൻ മുഖത്തിൻ കണ്ണാടിയാകുന്ന
വെളിച്ചമായി എന്നിൽ പ്രകാശിക്കുന്ന എന്നും
അമ്മതൻ സ്നേഹം അണയാത്ത ദീപമായ്,
അണയാത്ത ദീപമായ് എൻ മനസിൽ
അമ്മതൻ സ്നേഹത്തിൻ പകരംകൊടുക്കാൻ
ഈ പാരിൽ വേറെ എന്തുണ്ട് പിന്നെയും
എത്ര വേദനിപ്പിക്കലും അകന്ന പോകാത്ത
സ്നേഹത്തിൻ ആർദ്രതയാകുന്ന അമ്മ
ദയയുടെ നിറകുടമാകുന്ന അമ്മതൻ സ്നേഹം
മറക്കുവാൻ കഴിവീല ഈ ജന്മം

**ആദിത്യമോൾ.കെ.കെ**
**9A**



# മരങ്ങൾ

മരങ്ങളിടതൂർന്ന് വളരുമിടം വനം

നിരത്തിൽ നിരയായി
വളർത്താൻ തണൽ മരം
ശീതളഛായയോടൊപ്പം ശുദ്ധവായുവും
നൽകാൻ
നിസ്തർക്കം നാനാവിധ
മരങ്ങൾക്കല്ലെയാകു?
മരിച്ചാലടക്കുവാ,നെരിപ്പാൻ
ചിതതീർപ്പാൻ
മരമല്ലയോ ചൊല്ല മനുഷ്യനുപയോഗിപ്പൂ
പക്ഷികൾക്കിരിയ്ക്കുവാനുറങ്ങാനും,
വസിക്കുവാൻ
പഞ്ജരം തീർപ്പാൻ വേണമെമ്പാടും

വിടവുകൾ

ഭാഗ്യനാഥ്
9 A



# IT QUIZ



1. ഇൻർനെറ്റിന്റെ പിതാവ് ആര്?
   - വിന്റൺ സർഫ്
2. കമ്പ്യൂട്ടറിന്റെ പിതാവ് ആര്?
   - ചാൾസ് ബാബേജ്
3. GIMP ന്റെ ഔദ്യോഗിക ഭാഗ്യചിഹ്നം ഏത്?
   - വിൽബർ
4. GIMP ന്റെ ഭാഗ്യചിഹ്നം തയാറാക്കിയത് ആര്?
   - ട്യൂമാസ് ക്യൂസ് മാനർ
5. world wide web ന്റെ സ്ഥാപകൻ ആര്?
   - ടിം ബർണേഴ് സ് ലീ
6. കീബോർഡിലെ ഫങ്ഷൻ കീകളുടെ എണ്ണം?
   - 12
7. ഫേസ്ബുക്കിന്റെ സ്ഥാപകൻ ആര്?
   - മാർക്ക് സുക്കർബർഗ്
8. മൗസ് കണ്ടുപിടിച്ചത് ആര്?
   - ഡഗ്ലസ് ഏംഗൽബർട്ട്
9. കമ്പ്യൂട്ടർ മൗസിന് വേഗത അളക്കുന്ന യൂണിറ്റ്?
   - മിക്കി
10. ISRO തയ്യാറാക്കിയ ഡിജിറ്റൽ മാപ്പ്?
    - BUVAN
11. 5,6,7 ക്ലാസുകളിലേക്ക് തയ്യാറാക്കിയിട്ടുള്ള IT പാഠപുസ്തകത്തിന്റെ പേരെന്ത് ?
    - E @വിദ്യ

12. 2G, 3G,4G എന്നിവയിലെ G എന്തിനെ സൂചിപ്പിക്കുന്നു?
   - GENERATION
13. GMAIL ന്റെ ഉപജ്ഞാതാവ് ആര്?
   - പോൾ ബുച്ചെറ്റ്
14. UBUNTU എന്ന വാക്കിനർത്ഥം?
   - HUMANITY TO OTHERS
15. EMAIL ന്റെ ഉപജ്ഞാതാവ് ആര്?
   - റേ ടോമിൽസൺ

**അഞ്ജിമ പി ടി**

**9B**



**മഴ**




ഇന്നലെ വീടിൻ ഉമ്മറപ്പടിയിൽ ഇരുന്ന്-
ഞാൻ പുസ്തകത്തിൽ ഗന്ധം അനുഭവിക്കവെ..
പെട്ടന്നതാ ഭ്രമിതൻ രോദനം മഴയായി കണ്ണീർ
മഴയായി
പതിയവേ....
ഒന്ന് ഓർത്തു ഞാൻ എന്താണ് ഭ്രമിതൻ കരച്ചിൽ
എത്ര മനോഹരം



ജോബിഷ്
9A

## സ്നേഹിതർ

**കവിത**



പ്രകാശിക്കും ദീപമായെന്നും
എൻ ഹൃദയത്തിലെന്നും
എൻ കൂട്ടുകാരി
ദുഃഖത്തിൻ തിരയിൽ നാം
അലയുമ്പോഴും
സ്നേഹത്തിൻ സാന്ത്വനമായ്
ഹൃദയത്തിലണയുമെൻ മധുരമായി
കണ്ണീരിൻ കടലിൽ നാം തുഴയുമ്പോഴും
പടവിലടുപ്പിക്കും സാന്ത്വനമായ്
നീ ദുഃഖമാം നിമിഷത്തിൽ ഇടറുമ്പോഴും
എന്നും കൈപിടിച്ചുണർത്തും
എൻ ഹൃദയമിടിപ്പുകൾ പോലും
തൻ ഹൃദയത്തിൽ അറിയുന്നതാണെന്റെ
മാത്രമായി
കവിളിൽ കണ്ണീരുകൾ വീഴുമ്പോഴും
എന്നും ഒപ്പിയെടുക്കും എൻ തോഴിയായി നീ

**ലിനറ്റ്**
**9 A**

## തിരികെയെത്താത്ത ബാല്യം

ദൂരെ ദൂരെ മായും നേരം
എന്റെ നെഞ്ചിൽ പൂക്കുന്ന പൊൻവസന്തം
കൊഴിഞ്ഞ കാലങ്ങൾ തിരികെയെത്തിയെങ്കിൽ
അറിയാതെ കൊതിക്കുന്ന അതിനുമാത്രം
കഴിഞ്ഞ ബാല്യം തിരികെയെത്തിയിരുന്നെങ്കിൽ
ഒന്നുകൂടി നനയാമായിരുന്ന ആ മഴയിൽ
അമ്മതൻ താരാട്ടിനീണവും പിണക്കത്തിൻ

വാശിയും കുറുമ്പിന്റെ താളവും
എനിക്കെന്നുനീ തന്നാലും നിനക്കെന്റെ
ബാല്യം തിരികെ നൽകാൻ കഴിയില്ല
എങ്കിലും ആശിച്ചുപോകുന്ന എൻ
കുഞ്ഞു ബാല്യം തിരികെയെത്താൻ
അമ്മതൻ കഥകളും പാട്ടിന്റെ ഈണവും
എൻ നെഞ്ചിൽ അലയുന്ന താനെ.



**സാന്ദ്രമോൾ.ഇ**
**9A**

# സ്കൂൾ കെട്ടിടോദ്ഘാടനം




കൊയ്യം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ RMSA കണ്ണൂർ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സയൻസ് ലാബ്, ലൈബ്രറി, ആർട്ട് റൂം എന്നിവയുടെ ഉദ്ഘാടനം നവംബർ 16 ശനിയാഴ്ച്ച ഉച്ചക്ക് 2 മ ണിക്ക് ഇരിക്കൂർ മണ്ഡലത്തിലെ എം.എൽ.എ ശ്രീ. കെ. സി. **ജോസഫിന്റെ** അധ്യക്ഷതയിൽ ബഹു. കേരള വിദ്യാഭ്യാസ മന്ത്രി പ്രൊഫ. **സി. രവീന്ദ്രനാഥ്** ഉദ്ഘാടനം ചെയ്തു.

സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. ടി. ഹരിദാസ് സാറിന്റെ സ്വാഗത പ്രസംഗത്തോട് കൂടി തുടങ്ങിയ ഈ പരിപാടി യിൽ ബഹു. കേരള വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീ ന്ദ്രനാഥ് വിദ്യാർത്ഥികളേയും നാട്ടുകാരേയും അഭിസംബോദന ചെയ്ത് സംസാരിച്ചു . പരീക്ഷയിൽ മാത്രം A+വാങ്ങിയാൽ പോര ജീവിതത്തിൽ A+ വാങ്ങണം എന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഉപദേശിച്ചു.

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. **കെ.വി. സുമേഷ്** വേദിയിൽ മുഖ്യാതിഥി ആയി. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശ്രീ. **വി. ചന്ദ്രൻ** റിപ്പോർട്ട് അവതരിപ്പിച്ചു.




ചെങ്ങളായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് **അഡ്വ. കെ.കെ രത്നകുമാരി ,** ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രീ. **കെ.പി. ജയബാലൻ,** ചെങ്ങളായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വൈസ് പ്രസിഡണ്ട്

ശ്രീ. **വി.ഭാസ്കരൻ** തളിപ്പറമ്പ ബ്ലോക്ക് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രീമതി. **പി.കെ. ചിത്രലേഖ,** ചെങ്ങളായി ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ. **കെ.മിനേഷ്,** വാർഡ് മെമ്പർ ശ്രീ.**ദിനേശൻ മാസ്റ്റർ,** പി.ടി.എ പ്രസിഡണ്ട് ശ്രീ. **എം.ടി. മധുസൂദനൻ,** എം.പി.ടി.എ പ്രസിഡണ്ട് ശ്രീമതി. **കെ.വി. സിന്ധു,** ശ്രീ.**കൊയ്യം ജനാർദ്ദൻ,** ശ്രീ. **കെ.എം. ഇബ്രാഹിം,** കൊയ്യം സർവ്വീസ് സഹകരണ ബേങ്ക് പ്രസിഡണ്ട് ശ്രീ. **കെ.കെ രഘുനാഥൻ മാസ്റ്റർ** എന്നിവർ ആശംസ അർപ്പിച്ചുകൊണ്ട് സംസാരിച്ചു സ്കൂൾ ഹെഡ് മാസ്റ്റർ **ഗോമതി ടീച്ചർ** നന്ദി പ്രകാശിപ്പിച്ച് കൊണ്ട് സംസാരിച്ചു.




**ഫറാസ് എം.വി**

**9B**


ARUNIMA.C.K
9B








*KRISHNA PRASAD K K 8 C*

# ഭൂമിയിലെ പറവകൾ

## യാത്രാവിവരണം



ഒരു 3 ദിവസത്തേക്ക് സർവബന്ധങ്ങളും ഉപേക്ഷിച്ച് പറക്കാൻ പോയിരുന്ന ഞങ്ങൾ. 2019, നവംബർ 17,18,19 തീയതികളിലാണ് ഞങ്ങൾ ടൂർ പോകാൻ തീരുമാനിച്ചത്. ഞാനടക്കമുള്ള 43 വിദ്യാർത്ഥികളും 7 അധ്യാപകരും അടങ്ങുന്നതാണ് ഞങ്ങളുടെ ടീം. 17ാം തീയതി രാത്രി 8:20 ആകുമ്പോഴേക്കും ഞങ്ങൾ സ്കൂളിൽ എത്തിച്ചേർന്നിരുന്നു. ഞങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ അജയൻമാഷിന്റെ കുറച്ച് നിർദേശങ്ങൾക്കുശേഷം 8:45 ന് ഞങ്ങൾ യാത്ര ആരംഭിച്ചു. “Jaguar”ആയിരുന്നു ഞങ്ങളുടെ ബസ്.

പുറകിൽ സീറ്റ് പിടിച്ചിരിക്കാനായിരുന്നു ആഗ്രഹമെങ്കിലും കിട്ടിയത് മുമ്പിൽനിന്ന് മൂന്നാമത്തെ സീറ്റാണ്. ബസിൽ കയറിയപ്പോൾ തന്നെ ഞങ്ങൾ മുറവിളി കൂട്ടാൻ തുടങ്ങി: "പാട്ട്,പാട്ട് "എന്ന്. ആദ്യം വച്ചത് "രാമായണക്കാറ്റേ" എന്ന പാട്ടായിരുന്നു. എല്ലാവരും വളരെ ഉന്മേഷത്തോടെയാണ് ഡാൻസ് കളിച്ചത്. അതിനെ ഡാൻസ് എന്നൊന്നും പറയാൻ പറ്റില്ലെങ്കിലും ബസിനെ കുലുക്കും വിധം ഞങ്ങൾ കളിച്ചു. . സത്യം പറഞ്ഞാൽ എഴുത്തച്ഛന്റെ ശ്ലോകങ്ങളും പൈഥഗോറസ് സിദ്ധാന്തവുമല്ലാതെ ഞങ്ങളുടെ മാഷുമ്മാർക്ക് ഞങ്ങളേക്കാൾ ചെറിയ കുട്ടികളായിരിക്കാൻ കഴിയുമെന്ന് ഞങ്ങളറിഞ്ഞിരുന്നില്ല.

അതിനിടയിൽ വത്സൻ മാഷിന്റെയും സുനിൽ മാഷിന്റെയും ഒരു അവാർഡ് പ്രഖ്യാപനം നടന്നു. “Best tourist award” ഉണ്ടെന്നായിരുന്നു അറിയിപ്പ്.

ഞങ്ങൾ ഒരു തിരഞ്ഞെടുപ്പുമില്ലാതെ അത് കൈയടിച്ച് പാസാക്കി. രാത്രി ഏറെ വൈകിയതിനുശേഷവും പാട്ട് എന്നല്ലാതെ ഞങ്ങളൊന്നും പറഞ്ഞില്ല. പിന്നെ ദിവാകരൻ മാഷ് പറഞ്ഞു നാളെയും നമുക്ക് യാത്ര ചെയ്യണം അതുകൊണ്ട് ഇപ്പോൾ എല്ലാവരും ഉറങ്ങണമെന്ന്. രാത്രി ആയെങ്കിലും ഉറക്കം എന്നെ അനുഗ്രഹിച്ചില്ല. അനുഗ്രഹിച്ചില്ലെന്നു മാത്രമല്ല എന്റെ അടുത്തുടെ പോലും പോയില്ല. പലരും ഉറങ്ങിയിരുന്നു. ചിലർ പാതി മയക്കത്തിൽ ചിലർ എന്നെ പോലെ കണ്ണും തുറന്നിരിക്കുന്നു. അന്താക്ഷരി കളിച്ചു, ഇടയ്ക്ക് എപ്പോഴോ ഉറക്കം എന്നെയും തൊട്ടിരുന്നു എന്ന് തോന്നുന്നു.

അങ്ങനെ പതിയെ പതിയെ സൂര്യൻ ഉയർന്നു പൊങ്ങി. ഞങ്ങൾ ഇടുക്കിയിൽ എത്തി കഴിഞ്ഞു. ഇടുക്കിയിൽ എവിടെയും മഞ്ഞ് നിറഞ്ഞിരിക്കുന്നുണ്ടായിരുന്നു. “ഭൂമിയിലെ അല്ല മറിച്ച് ആകാശത്തെ മൂട്ടംവിധത്തിലുള്ള മഞ്ഞ്"എന്നെനിക്ക് തോന്നി. ഏറ്റവും വിഷമകരമായ കാര്യം പകൽ ഒരു പാടു ആയിട്ടും ഞങ്ങൾ തങ്ങേണ്ട ഹോട്ടൽ എത്തിയിട്ടില്ലെന്നുള്ളതാണ്. ഞങ്ങളുടെ ലക്ഷ്യസ്ഥലങ്ങൾ ഇടുക്കിയിൽ കമ്പം,തേനി, മുന്തിരിപ്പാടം,കാറ്റാടിപ്പാടം,രാമക്കൽ മേട് എന്നിവയും, എറണാകുളത്ത് വണ്ടർലാ, മറൈൻ ഡ്രൈവ് , കൊച്ചി മെട്രോ, ലുലു മാൾ, എന്നിവയായിരുന്നു. ഇതിൽ താമസിക്കുന്നത് ഹയാത്ത് റസിഡൻസി, അടിമാലി എന്നിവിടങ്ങളിലാണ്. കുട്ടികളെല്ലാം മാഷെ വിശക്കുന്നൂന്ന് പറയാൻ തുടങ്ങി. .

18ാം തീയതി രാവിലെ 8 മണി കഴിഞ്ഞിട്ടും ഞങ്ങൾ റൂമിൽ എത്തിയില്ല. അല്ലെങ്കിൽ തന്നെ വൈകി അതിനിടയ്ക്കാണ് "ഇടിവെട്ടിയവനെ പാമ്പ് കടിച്ചു" എന്ന പോലെ ഒരു പാമ്പ് ഞങ്ങൾക്കും പണി തന്നത്. ബസ് ഒരു സ്കൂട്ടിയിൽ ഇടിച്ചു. അയാൾ ആളിക്കത്തുകയാണെന്ന് വേണമെങ്കിൽ പറയാം. മാഷ് വേഗം അവരോട് പറഞ്ഞ് ഒത്തുതീർപ്പാക്കി. കാരണം ഞങ്ങളുടെ വയറും ആളിക്കത്തുകയായിരുന്നു. അങ്ങനെ ഞങ്ങൾ റൂമിലെത്തി. വേഗം ഫ്രഷ് ആയി. ഭക്ഷണം കഴിക്കാൻ ചെന്നു. നല്ല ചൂട് പാലപ്പവും കടലക്കറിയും. ഇനി അടുത്തത് ജീപ്പിൽ ഇരുന്നാണ് യാത്ര. അങ്ങനെ ഞങ്ങൾ ഇടുക്കിയുടെ മലനിരകൾ ഒന്നൊന്നായി ഇറങ്ങാൻ തുടങ്ങി. തൊട്ടടുത്ത ജീപ്പിനെ തോൽപ്പിക്കാനായി ഞങ്ങൾ കൂക്കി വിളിച്ചു. കേരളം വിട്ട് തമിഴ്നാട് എത്തിയപ്പോഴേക്കും പരിസരങ്ങൾക്ക് വലിയ തോതിൽ മാറ്റം സംഭവിക്കാൻ തുടങ്ങി. ഏതോ തമിഴ് സിനിമ കാണുന്നതുപോലെയായിരുന്നു കാഴ്ചകളൊക്കെ. കമ്പം മുന്തിരിപ്പാടത്തിലെത്തിയപ്പോൾ ഞങ്ങൾ വളരെ ആവേശത്തോടെ ഇറങ്ങി.

വിശാലമായ ഒരു മുന്തിരിത്തോട്ടം . മുന്തിരി തിന്നരുതെന്ന് പറഞ്ഞെങ്കിലും ഞാൻ ഒന്ന് തിന്നായിരുന്നു. നല്ല പുളി, ഞാൻ അപ്പോൾ തന്നെ തുപ്പി. അവിടെ നിന്ന് ഒരുപാട്

ഫോട്ടോസ് എടുത്തതിനു ശേഷം നേരെ കാറ്റാടിപ്പാടത്തിലേക്ക് തിരിച്ചു. ജീപ്പിൽ പോകുമ്പോൾ താഴേക്ക് കാണുന്ന കാഴ്ച്ച അതി മനോഹരമാണ്. ഒരു കൃഷിയിടത്തെ മുറിച്ചതുപോലെ ആ പ്രദേശങ്ങൾ കാണാം.

"ഞാൻ ചവിട്ടിനിൽക്കുന്നതല്ലയോ ഭൂമി
എനിക്ക് മേലിൽ കാണുന്നതോ ആകാശവും
എനിക്ക് താഴേക്ക് കാണുന്നതൊക്കെയും
സ്വർഗമാണ്,ഭൂമിയിലെ സ്വർഗമാണ്."

താഴെ കണ്ട കാഴ്ചകളെകുറിച്ച് ഓർക്കുമ്പോൾ എനിക്ക് തോന്നിയ വരികളാണ്.

ഞങ്ങൾ കാറ്റാടിപ്പാടത്തെത്തി. സൂര്യൻ തൊട്ടപ്പുറത്തുണ്ടെങ്കിലും നല്ലതണുപ്പായിരുന്നു. ഓരോകാറ്റിലും സൂര്യനടക്കം വിറച്ചുപോയിരുന്നു. വലിയ കാറ്റാടി യന്ത്രങ്ങളും അതിനേക്കാൾ വലിയ കുന്നുകളും മലകളും, അതിനേക്കാൾ വിശാലമായ ആകാശവും അതിൽ നിന്നുമൊക്കെയും ചെറിയവരിൽ ചെറിയവരായ മനുഷ്യരായ ഞങ്ങളും. ആ കാഴ്ചകൾക്കുശേഷം ഞങ്ങൾ വീണ്ടും ജീപ്പിൽ കയറി രാമക്കൽ മേടിലേക്ക്,കുറവന്റെയും കുറവത്തിയുടെയും മടിത്തട്ടിലേക്ക്.

അവിടെയും നീണ്ടുനിൽക്കുന്ന മലനിരകൾ തന്നെയായിരുന്നു. കുറവന്റെയും കുറവത്തിയുടെയും പ്രതിമ കാണാനായിരുന്നു നല്ല ആഗ്രഹം. പക്ഷേ അത് സാധിച്ചില്ല. ഞാൻ പച്ചമാങ്ങ എരിവ് കൂട്ടി തിന്നുന്ന തിരക്കിലായിരുന്നു. ഒരു ഗ്രൂപ്പ് ഫോട്ടോയ്ക്കുശേഷം ഞങ്ങൾ മലയിറങ്ങി. ഇനി ഉച്ചഭക്ഷണമാണ്. രാവിലത്തെ ഭക്ഷണം കഴിച്ചിടത്തു തന്നെയായിരുന്നു ഉച്ചഭക്ഷണം. ചോറും കറിയും പപ്പടവും അച്ചാറും മീൻ പൊരിച്ചതും കിട്ടി എന്നുള്ളതാണ്. അവിടെ നിന്ന് വീട്ടിലേക്ക് ഒരു ചോക്ലേറ്റ് പെട്ടി വാങ്ങിച്ച് ബസിൽ കയറി. ഞങ്ങളുടെ യാത്രാലിസ്റ്റിൽ ഇല്ലാത്തൊരു സ്ഥലത്തേക്കായിരുന്നു ഞങ്ങളുടെ യാത്ര. "അഞ്ചുരുളി" എന്ന സ്ഥലത്തേക്കാണ് പോകുന്നത്. ഒരു സാധാരണ പുഴ. പുഴയുടെ താഴേക്കിറങ്ങേണ്ടവർക്ക് ഇറങ്ങാമെന്ന് പറഞ്ഞു.

ഇറങ്ങിയപ്പോഴാണ് ശരിക്കും ഞെട്ടിയത്. ഒരു ഗുഹയിൽനിന്നാണ് ഈ പുഴയിലെ വെള്ളമത്രയും വരുന്നത്. ഇനി പുഴയിലെ വെള്ളം ഗുഹയിലേക്കാണോ എന്നറിയില്ല. എന്തായാലും അപൂർവകാഴ്ചയായിരുന്നു. വീണ്ടും ബസിൽ കയറി. ഡാൻസ് കളിയൊക്കെ കഴിഞ്ഞ് ഇനി അടുത്തത് ക്യാമ്പ് ഫയർ . ക്യാമ്പ് ഫയർ എന്ന് പറഞ്ഞപ്പോൾ ഞാൻ വിചാരാച്ചത് തീ കത്തിച്ച് വട്ടത്തിലിരുന്ന് പാട്ടുപാടുമെന്നായിരുന്നു. പക്ഷെ ഇത് അതല്ല. ഒരു രണ്ടു വാക്ക് പ്രതിജ്ഞക്ക് ശേഷം ഡിജെ പാട്ടും ലേസർ ലൈറ്റ്സും വച്ച് ഒരു മണിക്കൂർ നീണ്ട ഡാൻസായിരുന്നു. ഒരൊന്നന്നര തുള്ളൽ എന്ന് തന്നെപറയാം എല്ലാ മാഷമ്മാരും ഞങ്ങളുമൊക്കെ ആ ഒരു മണിക്കൂറിൽ സർവ്വതും മറന്ന് തുള്ളിച്ചാടി.

ചാട്ടം കഴിഞ്ഞതുകൊണ്ടാണെന്ന് തോന്നുന്ന വിശപ്പ് കൂടി വന്നു. ഹോട്ടലിൽകയറി പൊറോട്ടയും ചിക്കൻ കറിയും തിന്നു. താമസിക്കേണ്ട റൂം തൊട്ടടുത്തായിരുന്നു. ഞങ്ങൾ ആറു പേർക്ക് ഒരു റൂം തന്നു. മുകളിലത്തെ നിലയിൽ അവസാനത്തെ റൂം. ഞങ്ങൾ ഫ്രഷ് ആയതിനുശേഷം നട്ടപാതിര വരെസംസാരിച്ചിരുന്നു. തല്ലു കൂടി, ശരിക്കു പറഞ്ഞാൽ 10ാം ക്ലാസ് കഴിഞ്ഞുപോയാൽ ഈ ഒരു രാത്രി ഓർക്കുമ്പോൾ ഞങ്ങളുടെ കണ്ണുകൾ ഉറപ്പായും നിറയും. അങ്ങനെ 19ാം തീയതിയുടെ സൂര്യനും വേഗത്തിൽ ഉദിച്ചു. ഞങ്ങളുടെ ടൂറിന്റെ അവസാന ദിവസം രാവിലെ തന്നെ റെഡി ആയി.

രാവിലത്തെ ഭക്ഷണം കഴിക്കാൻ രാത്രി ഭക്ഷണം കഴിച്ച അതേ ഹോട്ടലിൽ തന്നെ കയറി. ഇടിയപ്പവും മുട്ടക്കറിയും ആയിരുന്നു കഴിച്ചത്. എറണാകുളത്ത് വണ്ടർലായിലേക്കാണ് പോകുന്നത്. എല്ലാവരും ഇതിനുവേണ്ടിയുള്ള കാത്തിരിപ്പായിരുന്നു.ഒരു 11 മണിയായപ്പോഴേക്കും ഞങ്ങൾ വണ്ടർലായിൽ എത്തി.

ടൂറിസ്റ്റ് ബസിന്റെ മുകളിൽ കയറണമെന്ന് എനിക്ക് ഭയങ്കര ആഗ്രഹമായിരുന്നു. അവിടെ വച്ച് അത് സാധിച്ചു. പിന്നെ ഞങ്ങൾ ഡ്രസ് ഒക്കെ ചെയ്ഞ്ച് ചെയ്ത് അങ്ങോട്ടിറങ്ങി. ആദ്യം തന്നെ ടവർ പോലുള്ള ഒന്നിൽ കയറി. എത്ര ഉയരത്തിലാണ് അത് ഞങ്ങളെ എത്തിച്ചത്. താഴേക്ക് വരുമ്പോൾ ഞാൻ ഇരുന്നിടത്തുനിന്ന് വീണപോകുമെന്ന് പേടിച്ച് കൂക്കി വിളിച്ചു. എല്ലാ റൈഡിലും നല്ല ക്യൂ ആയിരുന്നു. അതുകൊണ്ട് കൂടുതലൊന്നും കയറാൻ പറ്റിയില്ല. പക്ഷെ കയറിയതൊക്കെയും നന്നായി ആസ്വദിച്ചു.

1.30 ന് ഞങ്ങൾ അവിടെ നിന്ന് ഉച്ചഭക്ഷണവും ഒരു ഐസ്ക്രീമും കഴിച്ചു. പിന്നീട് മൊത്തം വാട്ടർ റൈഡ് ആയിരുന്നു. ഒരുപാട് വാട്ടർ റൈഡിൽ ഞങ്ങൾ കയറിയിറങ്ങി. ഓരോ വാട്ടർ റൈഡും എത്രമാത്രം ആഹ്ലാദവും സുഖവും തന്നെന്നു പറയാൻ കഴിയില്ല, തിരമാലയിൽ കളിച്ചതും അടിപൊളി ആയിരുന്നു.എല്ലാം കഴിഞ്ഞ് 5 മണിക്ക് എത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഞങ്ങൾ 6 മണിക്കാണ് എത്തിയത്. മറൈൻ ഡ്രൈവും ലുലുമാളുമൊക്കെ കാൻസൽ ആക്കും എന്ന് പറഞ്ഞപ്പോൾ നല്ല വിഷമം വന്നു. പിന്നെ പോകുന്നുണ്ടെന്നു പറഞ്ഞപ്പോൾ സന്തോഷമായി.

ബസിൽ നിന്ന് വണ്ടർലാ അനുഭവങ്ങൾ പറയലായിരുന്നു. പിന്നീട് മറൈൻ ഡ്രൈവിലെത്തിയപ്പോഴേക്കും രാത്രി ആയിരുന്നു. അതുകൊണ്ട് കാര്യമായി ഒന്നും വാങ്ങാനായില്ല. പിന്നെ പലരുടെയും വിലപേശൽ ഒക്കെ കേട്ടിരുന്നു. എന്റെ ചങ്ങായിമാരൊക്കെ കച്ചവടക്കാരോട് നല്ല രീതിയിൽ വിലപേശുന്നുണ്ടായിരുന്നു. പക്ഷെ വയറ്റിലെ വിശപ്പ് ഒന്ന് കെടുത്താൻ അവർ പറയുന്നതിനത്രേ വരില്ലല്ലോ ഇവരാരും. ഇനി അടുത്തത് മെട്രോയാണ്.ഞാൻആദ്യമായാണ് മെട്രോ കാണുന്നത്. അതിന്റെയൊരു ആകാംക്ഷയും എനിക്കുണ്ടായിരുന്നു. അങ്ങനെ ആദ്യമായി മെട്രോയെ കണ്ടു ഒന്നു തൊട്ടു അകത്ത് ഇരുന്നു ഇറങ്ങേണ്ട സ്റ്റോപ്പ് വേഗം എത്തിയിരുന്നു. ആധുനിക കേരളത്തിൽ എത്ര

പെട്ടെന്നാണ് ഓരോ കാര്യവും നടക്കുന്നതെന്ന് ഞാൻ ആലോചിച്ചു. ലുലുമാളിലെത്തിയപ്പോഴോ, ഒരു കണ്ണാടി ചില്ലിനുള്ളിൽ അകപ്പെട്ടതുപോലെ ആ മാൾ വളരെ വലുതാണ്. മാളിലെ സാധനങ്ങളുടെ വിലയും അതുപോലെതന്നെ. മാളൊക്കെ ചുറ്റി കണ്ടു. മാത്യു മാഷ് ഒരു പേക്കറ്റ് മിട്ടായിയും വാങ്ങിച്ചു തന്നു. ലുലു മാൾ വിസിറ്റിങ്ങ് കഴിഞ്ഞതിനു ശേഷം ഞങ്ങൾ കേരളത്തിലെ
ഏറ്റവും തിരക്കേറിയ സ്ഥലത്തെ റോഡിലൂടെരാത്രിയിൽ നടന്നു. കൊച്ചിയിലെ രാത്രി എന്നും തിരക്കേറിയതാണ്. അവിടെ ഒരു ഹോട്ടലിൽ നിന്ന് നല്ല ചൂടു ബിരിയാണിയും കഴിച്ചു. ഇനി തിരിച്ചു വീട്ടിലേക്കാണ്.

3 ദിവസത്തെ പറക്കൽ ആഹ്ലാദവും സന്തോഷവും ഒക്കെ കഴിഞ്ഞ് ഞങ്ങൾ ഭൂമിയിലേക്ക് ഇറങ്ങുന്നു. ബസിൽ നിന്ന് ഒരു പാട് സമയം ഡാൻസ് കളിച്ചു. ബെസ്റ്റ് ടൂറിസ്റ്റിനുള്ള അവാർഡ് പ്രഖ്യാപിക്കുകയും ചെയ്തു. ആ ടൂറിൽ പറന്നുയർന്ന ഒരു കിളി ഞാനായിരുന്നു. ആൽബിയയും ഞാനും ഏറ്റവും ഉയരത്തിൽ പറന്നവർ. പിന്നെ കൊമ്പ് വച്ചു കൊട്ടുക്കലും ഫോട്ടോ എടുപ്പുമൊക്കെ കഴിഞ്ഞപ്പോഴുമൊക്കെ സമയം 12 മണി കഴിഞ്ഞു. ഭൂരിഭാഗം പേരും ഉറങ്ങി. തണ്ണീർമത്തൻ ദിനങ്ങൾസിനിമ വച്ചു. ഞാൻ പടം കണ്ടിരുന്നു. ഇടയ്ക്ക് ഉറങ്ങിപ്പോയെന്ന് തോന്നുന്നു.സിനിമ പകുതി കണ്ടില്ലായിരുന്നു. 2-ാം തീയ്യതി പകൽ ഞാൻ ഒരു 6 മണിയോടെ നാട്ടിലുമെത്തി.ഒരിക്കലും മറക്കാത്ത ഒരി പിടി ഓർമകൾ സമ്മാനിച്ച ഈ ടൂർ ഒരു 10-ാം ക്ലാസുകാരി എന്ന നിലയിൽ എനിക്ക് വിലപ്പെട്ടതാണ്. ഇനി ഒരു പക്ഷെ ഇങ്ങനെയൊരു ഒത്തുചേരൽ സാധ്യമല്ല. ഇന്നീ യാത്രാവിവരണം എഴുതുന്ന സമയത്ത്പോലും ആ നിമിഷങ്ങൾ എന്റെ മുന്നിൽ തെളിഞ്ഞു വരുന്നു. നാളെയ്ക്കു വേണ്ടി ഒരു പറ്റം നല്ല ഓർമകൾ സമ്മാനിച്ച കൂടെ പറന്ന എല്ലാ പക്ഷിക്കൂട്ടങ്ങൾക്കും ഞങ്ങളെ വാനോളം പരത്തിയ എല്ലാ അധ്യാപകർക്കും ഒറ്റ വാക്കിൽ ഒരു സ്നേഹസമ്മാനം...

ജിഷ്ണ.ഇ.വ

## ഓർമ്മച്ചിത്രങ്ങളിലൂടെ......






Welcome
Jungle


TAKE ONLY MEMORIES LEAVE ONLY FOOTPRINTS
JAGUAR




WONDERLA

# മഴ

ആകാശത്തിൻ കണ്ണീർപോലെ
പെയ്യുന്ന മഴ പെയ്യുന്നു.
പല തുള്ളികളായ്
എൻ മനസ്സിൽ
ഓടിയെത്തുന്ന
പനിനീർ മഴ
ഓർമകളിൽ
ഓടിയെത്തുന്ന
മഴ എന്നും എന്നും
മറക്കാത്ത സ്വപ്നം
പോലെ.



വെള്ളിനൂൽ പോലെ
അലങ്കരിക്കുന്ന മഴ ഭൂമിയെ.
പലതുള്ളികളായ്
പിരിഞ്ഞൊഴുകുന്നുണ്ടെങ്കിലും
എന്റെ മനസ്സിൽ
ഒന്നായ് പെയ്യും മഴ

**അനുശ്രീ.കെ**
**9B**

# Teacher




A happy smile,
contagious to all,
with a heart of
gold that never feel
as my role
model, she set the bus high
as my friend,
she support me,
helping me achieve
goals, I never imagined,
could reach
as my teacher, she motivated me
to become the best i can possible be
who's is a ring, kind and smart
the way you love to help others learn
is something for which i will always learn
and one day when i am a teacher too,
i will strive to be just like you.

by

Mufliha.A.C.

8 c

## കേരളത്തിലെ വെള്ളപ്പൊക്കം



99-ലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനു ശേഷം കേരളകേരളത്തിലെ വെള്ളപ്പൊക്കത്തിൽ (2019)വളർത്തു ജീവികൾക്കുണ്ടായ നാശനഷ്ടം എന്ന താൾ ലേഖനവുമായി ലയിപ്പിക്കുന്നതിന് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നു.

(2018)ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴപെയ്തതിന്റെ ഫലമായാണ് 2019-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്

അതിശക്തമായ മഴയെ തുടർന്ന് കേരളത്തിലെ മിക്ക പേരെ കാണാതായതും 140 പേർ ആശുപത്രിയിലാണെന്നും, മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന പ്രത്യേക നിയമ സഭാസമ്മേളനത്തെ അറിയിച്ചു

കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിൽ എത്തി.

കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രത മുന്നറിയിപ്പ് പ്രഖ്യാപിച്ചു.നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്,റെയിൽവേ, വ്യോമഗതാഗത ശൃഖലകളെ

പ്രതികൂലമായി ബാധിച്ചു.ത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്.കനത്ത മഴയിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായും 140 പേർ ആശുപത്രിയിലാവുകയും ചെയ്തു.



## ഓർക്കുന്നു ഞാനും

ഓർക്കുന്നു ഞാൻ എൻ ബാല്യകാലം
മറക്കുവാൻ ശ്രമിച്ചു എങ്കിലും
കഴിഞ്ഞില്ല മറക്കാൻ എനിക്കാ ബാല്യകാലം
ഓടിക്കളിച്ചു,നടന്നു രസിച്ച എൻ ബാല്യകാലം
ഞാൻ ഓർക്കുന്നു വീണ്ടും.
മാവിൽ കയറിയും, മാങ്ങപറിച്ചും, ഊഞ്ഞാലാടിയും
രസിച്ചു ഞാൻ എൻ ബാല്യകാലത്തിൽ
വയലേലകളിൽ പാറിനടക്കും തുമ്പികളെപോലേ
പാറിനടന്നു ഞാൻ എൻ ബാല്യകാലത്തിലൂടെ.
ഇന്നത്തെ തലമുറയോ ഫോണിലൊതുക്കുന്നു
അവരുടെ ബാല്യകാലം.
വിരലുകൾ എണ്ണുംപോലേ കടന്നുപോയി കാലം
വയസ്സോ അതിലേറെ കടന്നു പോയി
മനസ്സിലെ ബാല്യം മാത്രം ഇപ്പോഴും ബാക്കി.

ശിഖ . ടി
9B



# ലിറ്റിൽകൈറ്റ് ജി എച്ച് എസ് കൊയ്യം 2018-2020



## ആറളം യാത്ര

(അരുണിമ.സി.കെ )

25/1/2020 ശനിയാഴ്ച്ച പരിസ്ഥിതി ക്ലബ്ബിന്റെ ഭാഗമായി ആറളം വന്യജീവിസങ്കേതത്തിലേക്ക് ഒരു യാത്ര പോയി. ഒരു ദിവസം മരങ്ങൾക്കും മൃഗങ്ങൾക്കുമിടയിൽ ഇറങ്ങിച്ചെല്ലുന്നതിനായി ഈ യാത്ര വഴിയൊരുക്കി 33 കുട്ടികളും 3 അധ്യാപകരും ബസ്സ്ഡ്രൈവർ നാരായണേട്ടനും അടങ്ങുന്ന ഒരു യാത്രയായിരുന്നു ഇത്.




രാവിലെ 8 മണിയോടെ യാത്ര ആരംഭിച്ച ഞങ്ങൾ 10 മണിക്കുള്ളിൽ ആറളം എത്തിച്ചേർന്നു. ആറളം വന്യജീവിസങ്കേതത്തിൽ ചെന്നിറങ്ങുമ്പോൾ തന്നെ ചീങ്കണ്ണിപ്പുഴയ്ക്ക് കുറുകെയുള്ള തൂക്കുപാലവുമാണ് കാണുന്നത്. 3:45 വരെ വന്യജീവിസങ്കേതത്തിൽ മരങ്ങളുടേയും പക്ഷികളുടെയും പൂമ്പാറ്റകളുടെയും മൃഗങ്ങളുടെയും പിന്നെ

ആ വന്യജീവിസങ്കേതത്തെ താങ്ങി നിർത്തുന്ന പുഴയുടെയും കൂടെ ചെലവഴിച്ചു.



ഫോറസ്റ്റ് ഉദ്യോഗസ്ഥരായ ടി.ബിനു, സി.സുശാന്ത് എന്നിവർ പരിസ്ഥിതി ക്ലാസുകൾ നൽകി. രാത്രി 7 മണിയോടെ യാത്ര അവസാനിച്ചു.

# Importance Of Reading

Today we can see that the reading habit of the people are reduced. Because they are mainly depending upon the electronic media, like TV , mobile phone, computer etc. But book play a major role in reading. It acts as a teacher, guide and friend.

By reading we can develop our knowledge and language. Books share the feelings like sorrows, happiness etc. By reading we are getting more confidence. Reading makes creativity and clarity in the mind of students. We can know our past, present and future by reading books.

We can also solve problems that makes threat in our life by reading. Books are with us from school times. Books will exist until the end of world. That is why book plays important role in our daily life. When you read , you receive more. Your brain starts to develop by reading.

Reading is opened in front of us a wide world of knowledge.

Krishnaprasad.K.K
8C



# വായനയുടെ വീട്ടുവർത്തമാനം

അനായാസമായി വായനയിലേക്ക്
അടുക്കുവാൻ ഒരു ഗ്രാമമൊന്നടങ്കം കടന്നു
വന്ന സവിശേഷ സന്ദർഭങ്ങളായിരുന്നു
വായനയുടെ വീട്ടുവർത്തമാനങ്ങൾ.
'മലയാള സാഹിത്യത്തിലെ പ്രഗൽഭ
നിരകളെ കൊണ്ടുവരുവാൻ ഇതിലൂടെ
സാധിച്ചു.വിനോയ് തോമസിന്റെ
രാമച്ചി, അംബികാസുതൻ മാങ്ങാടിന്റെ
രണ്ടു മത്സ്യങ്ങൾ ഇവ ശ്രദ്ധേയ
ചർച്ചകളായി.പ്രശസ്ത കവി മാധവൻ
പുറച്ചേരിയുടെ സാന്നിധ്യത്തിൽ കാവ്യ
ഭാവനയുടെ സൈക്കിൾ യാത്ര വായനാ
പരിസരങ്ങളുടെ നവ്യാനുഭമായി.
വായനാക്കൂട്ടത്തിലെ ഓരോ അംഗങ്ങളുടെയു
പ്രത്യേക താൽപര്യപ്രകാരം എന്റെ വായന
എന്റെ പുസ്തകം പരിപാടി സംഘടിപ്പിക്കുകയ
എല്ലാ കുട്ടികൾക്കും വായനയുടെ ഭാഗമാകാന
ആസ്വാദനക്കുറിപ്പെഴുതാനും സാധിച്ചു. അതു
വഴി വായനയുടെ വിളംബരം നടത്തി. വരാന്ത
ചായപ്പീടിക ചർച്ചയിലൂടെ ശ്രദ്ധേയനായ
ഷുക്കൂർ പെടയങ്ങോട് വായനാ വിളംബരം
ഉദ്ഘാടനം ചെയ്തു.വായനയുടെ അടുത്ത
വർത്തമാനം നവംബർ 1ന് നടക്കും. 8:56 P


ജി.എച്ച്.എസ്.എസ്
കൊയ്യം



# നന്ദി

വിവര വിനിമയങ്ങളുടെ ഭൂമികയിലേക്ക്
നിറമേകിയ ..........
നിലാവേകിയ.......
ഓരോ സുമനസ്സുകൾക്കും...........

